"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണവകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട പ്രതീപ് എസ്. ന്റെ മകളും ആശ്രിതയുമായ കുമാരി അഭിധ സെൻ നെ പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈ) നം.21/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:-

1. ജി.ഒ.(പി) നം.12/99/പി. & എ.ആർ.ഡി തീയതി 24.5.1999.
2. സ.ഉ.(കൈ) നം.5/2018/ഉഭപവ. തീയതി 21.02.2018
3. കുമാരി അഭിധ സെൻ - ന്റെ 23.10.2020 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.03.2021ലെ PAN/14792/2020 – E14 (DP) നം. കത്ത്.
5. പാലക്കാട് ജില്ലാ കളക്ടറുടെ 30.11.2021 ലെ DCPKD/4049/2021 - A3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട പ്രതീപ് എസ്. ന്റെ മകളും ആശ്രിതയുമായ കുമാരി അഭിധ സെൻ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച പരാമർശം (3) ലെ അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പാലക്കാട് ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ 29.06.2018 - ലാണ് പ്രതീപ് എസ്. നിര്യാതനാവുന്നത് . സേവന സാക്ഷ്യപത്രം പ്രകാരം ടിയാൻ 16 വർഷ സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട് പാലക്കാട് തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ അമ്മ പരേതന്റെ ഭാര്യ അപേക്ഷക ഉൾപ്പടെ മൂന്ന് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റ അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയായ കുമാരി അഭിത സെൻ- ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ് അനന്തരാവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്. വരുമാന സർട്ടിഫിക്കറ്റ് പ്രകാരം കുമാരി അഭിത സെൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 5,14,080/- രൂപയാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും പാലക്കാട് ജില്ലാ കളക്ടറും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി കുമാരി അഭിത സെൻ, സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

3. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രകാരം നിലവിൽ അപേക്ഷകയ്ക്ക് 18 വയസ്സ് പൂർത്തിയായിട്ടുണ്ട് (D.O.B.23.10.2002). അപേക്ഷക നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് അപേക്ഷക പ്ലസ് ടു

പാസ്സായതാണ്. കുമാരി അഭിത സെൻ, പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽഡി. ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പരാമർശം (2) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷക സമർപ്പിച്ചിട്ടുണ്ട്. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും, സത്യവാങ്മൂലവും അപേക്ഷക സമർപ്പിച്ചിട്ടുണ്ട്

4. മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട പ്രതീപ് എസ്. ന്റെ മകളും ആശ്രിതയുമായ കുമാരി അഭിധ സെൻ - ന് പരാമർശം (1) ലെ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ടി ആശ്രിതനിയമനം ആകെ നിയമനത്തിന്റെ 5 % ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിലവിലുള്ളതോ, ഉടനെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് ഉത്തരവു പുറപ്പെടുവിക്കുന്നു.

5. പരേതനായ പ്രതീപ് എസ്. ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ വരുത്തേണ്ടതാണ്. അപേക്ഷകയെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് അവയുടെ സാധുത ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

6. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ കുമാരി അഭിധ സെൻ - ന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

1. കുമാരി അഭിധ സെൻ, അഭിധനം, മൈത്രി നഗർ, ചീരാമ്പക്കാവ്, എലപ്പുള്ളി. പി. ഒ, പാലക്കാട് (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. ജില്ലാ കളക്ടർ, പാലക്കാട്
4. ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ